# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2845 | 13.03.2018 - ൽ മറുപടിയ്ക്ക്

## നല്ലയിനം തൈകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ

**ചോദ്യം**
**ശ്രീ. എം. സ്വരാജ്**

**മറുപടി**
**ശ്രീ. വി. എസ്. സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് നല്ലയിനം തൈകൾ ലഭ്യമാക്കുന്നതിന് സഹായകമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ;

എ) നല്ലയിനം തൈകൾ ലഭ്യമാക്കുന്നതിന് സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള 9 ജില്ലാ ഫാമുകളിലും 14 സ്പെഷ്യൽ ഫാമുകളിലും കൂടി ഫലവർഗ്ഗ വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും, ലെയറുകളും, തൈകളും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. 8 തെങ്ങിൻതൈ നഴ്സറികളിൽക്കൂടി ഗുണമേന്മയുള്ള വിവിധ ഇനം തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്നു. 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങളിൽ കൂടി നല്ലയിനം പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, നെൽവിത്ത് എന്നിവയും ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളയുടെ ആഭിമുഖ്യത്തിൽ എറണാകുളം നടുക്കരയിൽ വർഷം 2 കോടി പച്ചക്കറിതൈകൾ ഉൽപ്പാദിപ്പിക്കുവാൻ ശേഷിയുള്ള ഹൈടെക് പ്ലഗ് നഴ്സറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ബി) ഇവയുടെ വിശദാംശം അറിയിക്കുമോ;

ബി) നടീൽവസ്തുക്കളുടെ ഉത്പാദനത്തിനും വിതരണത്തിനുമായി 500 ലക്ഷം രൂപ, കേരസമൃദ്ധിയെന്ന ബൃഹത്തായ പദ്ധതിയിൽ 250 ലക്ഷം രൂപ ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ തൈകൾ ഉത്പാദിപ്പി ക്കുന്നതിന് കഴക്കൂട്ടത്തുള്ള ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, അഞ്ചൽ - തളിപ്പറമ്പ് ജില്ലാ ഫാമുകളിലുള്ള ടിഷ്യൂകൾച്ചർ ലാബുകൾ എന്നിവയ്ക്കും 15 ലക്ഷം രൂപ, ഹൈടെക് നഴ്സറികളുടെ പ്രവർത്തനത്തിനും, തൈകളുടെ ഉത്പാദനത്തിനുമായി 25 ലക്ഷം രൂപ, നിലവിലുള്ള പഴത്തോട്ടങ്ങളുടെ മാതൃവൃക്ഷ സംരക്ഷണത്തിനും, പുതിയവ നട്ടുപിടിപ്പിക്കുന്നതിനും 100 ലക്ഷം രൂപ, ജൈവകൃഷിയിലൂടെ ഗുണമേന്മയേറിയ ഉല്പാദനോപാദികളുടെ വിതരണം ലക്ഷ്യമാക്കി സംയോജിത കൃഷി നടപ്പാക്കുന്നതിന് 200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഫാമുകൾ ആധുനീകവത്കരിക്കു ന്നതിന്റെ ഭാഗമായി യന്ത്രവത്ക്കരണവും, അടിസ്ഥാന സൗകര്യ വികസനത്തിനുമായി 760 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

പുഷ്പകൃഷി വികസനത്തിന് മേൽത്തരം നടീൽ വസ്തുക്ക ളുടെ ഉത്പാദത്തിനായി കഴക്കൂട്ടത്തുള്ള ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്ററിലും ഇടുക്കി, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ ജില്ലാ ഫാമുകളിൽക്കൂടിയും ഉത്പാദിപ്പിച്ചു വരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി 300 ലക്ഷം രൂപയും, ഔഷധസസ്യ കൃഷി വികസനത്തിനായി, കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജനകീയ മാക്കുന്നതിനും 100 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സി) ഇത്തരം തൈകൾ എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരി ക്കുമോ;

ഡി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

സി) & ഡി) എല്ലാ ജില്ലകളിലും കൃഷിവകുപ്പിന് കീഴിലുള്ള ഫാമുകളിൽ ഇത്തരം തൈകൾ ലഭ്യമാണ്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. പ്ലാവ് ഗ്രാഫ്റ്റ്
2. മാവ് ഗ്രാഫ്റ്റ്
3. സപ്പോട്ട ഗ്രാഫ്റ്റ്
4. പേര ലെയർ
5. മാൾട്ടാ ലെമൺ
6. ജാതി ഗ്രാഫ്റ്റ്
7. ചെറി ലെയർ
8. ഫാഷൻ ഫ്രൂട്ട്
9. കശുമാവ് ഗ്രാഫ്റ്റ്
10. കുടംപുളി ഗ്രാഫ്റ്റ്
11. കറിവേപ്പിൻ തൈകൾ
12. പപ്പായ തൈകൾ
13. കാപ്പി തൈകൾ
14. കമുകിൻ തൈകൾ
15. വാഴകന്നുകൾ
16. ടിഷ്യൂകൾച്ചർ വാഴ തൈ
17. വേര്പിടിപ്പിച്ചകുരുമുളക്
18. അലങ്കാര ചെടികൾ
19. പച്ചക്കറി വിത്തുകൾ
20. പച്ചക്കറി തൈകൾ
21. നെൽവിത്ത്
22. കൊക്കോ തൈകൾ
23. മുരിങ്ങതൈകൾ
24. അഗത്തി തൈകൾ
25. ഔഷധ സസ്യങ്ങൾ
26. ജാതി തൈകൾ
27. റമ്പൂട്ടാൻ തൈകൾ
28. ഓറഞ്ച് തൈകൾ
29. തെങ്ങിൻ തൈകൾ
    1. ഡബ്ല്യൂ.സി.റ്റി
    2. ഡ്വാർഫ്
    3. റ്റി x ഡി
    4. ഡി x റ്റി
    5. സെഗ്രിഗെന്റ്

സെക്ഷൻ ഓഫീസർ